ഹയർ സെക്കൻററി വിദ്യാഭ്യാസ

ഡയറക്റ്ററുടെ കാര്യാലയം

ഹൗസിങ് ബോർഡ് ബിൽഡിംഗ്

തിരുവനന്തപുരം-1

നംബർ. ICT Cell/1771/1 /HSE/2016 22/06/2016

വിഷയം: പ്ലസ് വൺ പ്രവേശനം 2016-17 - അനധികൃതമായി ഫീസ് പിരിവ് - പരാതി - സംബന്ധിച്ച്

സംസ്ഥാനത്തെ സർക്കാർ/എയിഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലേയ്ക്കുള്ള പ്ലസ്‌വൺ പ്രവേശന സമയത്ത് സ്കൂൾ അധികാരികൾക്ക് വാങ്ങാവുന്ന ഫീസിൻെറ വിവരങ്ങൾ വിദ്യാർത്ഥികൾ പ്രവേശനത്തിന് ഹാജരാക്കുന്ന അലോട്ട്മെൻറ് ലെറ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതും പ്രസ്തുത ഫീസ് മാത്രമേ പ്രവേശന സമയത്ത് വിദ്യാർത്ഥികളിൽ നിന്നും വാങ്ങാവൂ എന്ന് പ്രിൻസിപ്പൽമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. എന്നാൽ ഇതിനു വിരുദ്ധമായി. ചില ഹയർ സെക്കണ്ടറി സ്കൂൾ അധികാരികൾ സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസിനേക്കാൾ ഉയർന്ന നിരക്കിൽ ഫീസും അനധികൃത ഫണ്ട് പിരിവും നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിൻെറ അടിസ്ഥാനത്തിൽ സംസ്ഥാന / ജില്ലാ തലത്തിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് മിന്നൽ പരിശോധന ആരംഭിച്ചു. അഡ്മിഷന് അനധികൃത പിരിവ് നടത്തുന്നതായി ബോധ്യപ്പെട്ടാൽ സ്കൂൾ അധികാരികൾക്കെതിരെ കർശനമായ അച്ചടക്ക നടപടി കൈക്കൊള്ളുന്നതാണ്. ഹയർസെക്കണ്ടറി പ്രവേശന സമയത്ത് അലോട്ട്മെൻറ് ലെറ്ററിൽ സൂചിപ്പിച്ചിട്ടുള്ള ഫീസ് അല്ലാതെ മറ്റൊരു തരത്തിലും സ്കൂളിൽ ഫീസോ /ഫണ്ടോ രക്ഷകർത്താക്കൾ നൽകേണ്ടതില്ലായെന്നും ഇത്തരത്തിൽ അനധികൃത പിരിവ് നടക്കുന്നതായി ശ്രദ്ധയിൽ പെട്ടാൽ **0471-2323198** എന്ന നംബരിലോ **ictcelldhse@gmail.com** എന്ന മെയിൽ ഐഡിയിലോ അറിയിക്കേണ്ടതാണ്.

**ഡയറക്ടർ**